**ശ്രദ്ധക്ഷണിക്കൽ:**

(1) പ്രീമെട്രിക്-പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

ശ്രീ. എം. വിജിൻ: സർ, രാജ്യത്തെ ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള പിന്നാക്ക - ന്യൂനപക്ഷ വിഭാഗങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് കേന്ദ്രസർക്കാർ പൂർണ്ണമായും നിർത്തലാക്കുകയും 9-10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ കേന്ദ്രവിഹിതം 50 ശതമാനത്തിൽനിന്നും 40 ശതമാനമായി കുറയ്ക്കുകയും ചെയ്തതിലൂടെ കേരളത്തിൽമാത്രം 1.25 ലക്ഷം കുട്ടികളുടെ ഭാവിയെ തകർക്കുന്ന ക്രൂരമായ സമീപനം കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുകയാണ്. പുതിയ മാർഗ്ഗനിർദ്ദേശം അടിച്ചേൽപ്പിച്ചുകൊണ്ട് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അട്ടിമറിക്കാനുള്ള നടപടിയും ചെയ്തുകൊണ്ടിരിക്കുന്നു. ഏറെ പ്രയാസത്തിൽ കഴിയുന്ന കുടുംബത്തിലെ കുട്ടികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സ്കോളർഷിപ്പുകൾ എത്രമാത്രം സഹായകരമാണെന്ന് അവരുടെ ജീവിത സാഹചര്യങ്ങളിലൂടെ കണ്ണോടിച്ചാൽ നമുക്ക് മനസിലാക്കാൻ സാധിക്കും. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക-ന്യൂനപക്ഷ വിഭാഗത്തിന്റെ സമഗ്ര വികസനം

ലക്ഷ്യമാക്കിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വൈവിധ്യങ്ങളായ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മികച്ച വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാമൂഹിക പുരോഗതി കൈവരിക്കാൻ സാധിക്കുവെന്നതിനാൽ വിദ്യാഭ്യാസ മേഖലയ്ക്ക് എന്നത്തേക്കാളും പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ പിണറായി സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രീ-മോഡൽ സ്കൂൾ മുതൽ പി.എച്ച്.ഡി വരെയും പൈലറ്റ് പരിശീലന പരിപാടികൾ മുതൽ വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പുകൾ വരെയുള്ള വിവിധതലങ്ങളിലെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംസ്ഥാനംകൂടിയാണ് കേരളം. പട്ടികജാതി-പട്ടികവഗ്ഗ-പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനായി പ്രീമെട്രിക് /പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, സ്റ്റൈപ്പന്റുകൾ, മെസ് ഫീസ്, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഐ.ടി.ഐ.കൾ, മെഡിക്കൽ കോളേജ് തുടങ്ങിയ സൗകര്യങ്ങൾ കേരള സർക്കാർ മാതൃകയാകുന്ന തരത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽത്തന്നെ ഏറെ പ്രാധാന്യത്തോടെ നമ്മുടെ

കുട്ടികൾക്ക് ലഭിക്കുന്ന ഒന്നാണ് പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ. ഒന്നാം ക്ലാസ് മുതൽ വിവിധ കോഴ്സുകൾക്കുവരെ നൽകിവരുന്ന സ്കോളർഷിപ്പ് ഭൂരിഭാഗം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഒരു വലിയ സഹായമാണ്. ഇന്ത്യയാകെ മാതൃകയായ e -Grants എന്ന ഓൺലൈൻ സംവിധാനം കേരളം വളരെ മാതൃകാപരമായി നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ പുതിയ നിലപാട് വിദ്യാർത്ഥികൾക്ക് വലിയരീതിയിലുള്ള ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നായി മാറിയിരിക്കുകയാണ്. അനാവശ്യമായ നിബന്ധനകൾ അടിച്ചേൽപ്പിച്ചും പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ നൽകിയും വർഷങ്ങളായി തുടർന്നുവരുന്ന പാറ്റേണുകൾ ഭേദഗതി ചെയ്തും നൽകിവരുന്ന പല ആനുകൂല്യങ്ങളും വെട്ടിക്കുറച്ചും സംസ്ഥാനങ്ങൾക്ക് അധികബാധ്യത അടിച്ചേൽപ്പിച്ചും കേന്ദ്രസർക്കാർ പിന്നാക്ക-ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതിയെ അക്ഷരാർത്ഥത്തിൽ സ്തംഭിപ്പിച്ചിരിക്കുകയാണ്. രണ്ട് ലക്ഷത്തിൽക്കൂടുതൽ വരുമാനമുള്ള പട്ടികജാതിക്കാരുടെയും ഒന്നുമുതൽ എട്ടുവരെ പഠിക്കുന്ന പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളുടെയും സ്കോളർഷിപ്പും പൂർണ്ണമായും ഇല്ലാതാക്കിക്കൊണ്ട് കേന്ദ്രഗവൺമെന്റ് ഉത്തരവ്

പുറപ്പെടുവിച്ചിരിക്കുകയാണ്. കൂടാതെ നൽകിവരുന്ന സ്കോളർഷിപ്പ് വിഹിതം കേന്ദ്രസർക്കാർ ഏകപക്ഷീയമായി വെട്ടിക്കുറച്ചിരിക്കുകയാണ്. ഈ സമീപനം കേന്ദ്രം സംസ്ഥാനത്തോട് കാണിക്കുന്ന നിഷേധാത്മകമായ നിലപാടുകളുടെ തുടർച്ചയായിത്തന്നെയാണ് നാം കാണേണ്ടത്. ദളിത്-പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളോടുള്ള സംഘപരിവാർ സമീപനം വിദ്യാഭ്യാസത്തിലും മോഡി സർക്കാർ കാണിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ കാവിവൽക്കരിക്കുന്നതും വാണിജ്യവത്കരിച്ചിരിക്കുന്നതുമായ ദേശീയ വിദ്യാഭ്യാസനയം ഗൗരവത്തോടെ ഈ സഭയും ചർച്ച ചെയ്തതാണ്. പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളിലെ സംവരണംപോലും വിഭാവനം ചെയ്യാതെയാണ് ദേശീയ വിദ്യാഭ്യാസ നയം കേന്ദ്രഗവൺമെന്റ് ഈ രാജ്യത്ത് അടിച്ചേൽപ്പിക്കുന്നത്. പ്രസ്തുത തീരുമാനത്തിന്റെ തുടർച്ചയായിത്തന്നെയാണ് സ്കോളർഷിപ്പുകൾ വെട്ടിക്കുറച്ചതും ഇല്ലാതാക്കിയതും. ഇതുവഴി കേന്ദ്രസമീപനം എന്താണെന്ന് നമുക്ക് കാണാൻ സാധിക്കും. രോഹിത് വെമുലമാർ പഠിക്കേണ്ടതില്ലെന്നതാണ് കേന്ദ്ര നയം. നമ്മുടെ മുമ്പിൽ ഇതിനുള്ള വലിയ ഉദാഹരണമായി ധാരാളം പേരുണ്ട്. ഈ

രാജ്യത്തെ ദളിത്-ന്യൂനപക്ഷ വിഭാഗങ്ങൾ പഠിക്കേണ്ടതില്ലെന്ന സംഘപരിവാറിന്റെ തിട്ടൂരമാണ് ഇത്തരം സമീപനത്തിലൂടെ കാണാൻ സാധിക്കുന്നത്. ഈ ഘട്ടത്തിലും അഭിനന്ദനാർഹമായ സമിപനം കേരളത്തിലെ പിണറായി സർക്കാർ സ്വീകരിക്കുകയാണ്. രാജ്യത്തിനുതന്നെ മാതൃകയായിക്കൊണ്ട് മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പുകൾ മുടക്കംവരാതിരിക്കാനും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താനും കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുമെല്ലാം ശ്രദ്ധാപൂർവ്വം ഇടപെട്ടത് അഭിനന്ദനാർഹംതന്നെയാണ്. പിന്നാക്ക-ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പ് മുടക്കുകയും പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനാവശ്യ നിബന്ധനകൾ ഏർപ്പെടുത്തിക്കൊണ്ട് തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ട് കേന്ദ്രസർക്കാർ സൃഷ്ടിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

ബഹുമാനപ്പെട്ട അംഗം വി. വിജിൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന വിഷയം ഏറ്റവും പ്രധാനപ്പെട്ടതാണ്. നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക-ന്യൂനപക്ഷ വിദ്യാർത്ഥികളെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണിതെന്ന് അദ്ദേഹം അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിലൂടെ എല്ലാവർക്കും ബോധ്യപ്പെട്ടുകാണുമെന്ന് ഞാൻ കരുതുന്നു. നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലെല്ലാംതന്നെ മാറ്റം വരുത്തുന്നതിനായി കേന്ദ്രഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ പിന്നാക്കവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കുന്നത്. അതിൽ ഒന്ന് പോസ്റ്റ് മെട്രിക് പഠനത്തിനും മറ്റൊന്ന് പ്രീമെട്രിക് പഠനത്തിനുമാണ്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് തുകയുടെ നൂറ് ശതമാനവും കേന്ദ്രഗവൺമെന്റ് നാളിതുവരെ സംസ്ഥാനങ്ങൾക്ക് നൽകുകയും സംസ്ഥാന ഗവൺമെന്റ് അത് വിദ്യാർത്ഥികളിലെത്തിക്കുകയും ചെയ്തിരുന്നു. അതുപോലെതന്നെ കേന്ദ്രവും സംസ്ഥാനവും അൻപത് ശതമാനം വീതം വഹിച്ചുകൊണ്ട് നൽകുന്ന പിന്നാക്ക വിഭാഗത്തിലെ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പും നിലവിലുണ്ടായിരുന്നു. എന്നാൽ ഈ സ്കീമുകൾ 2022-23 മുതൽ

പ്രധാനമന്ത്രി യശസ്വി (PM Yasasvi) സ്കോളർഷിപ്പ് എന്ന പേരിൽ പുതുക്കി നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും സ്കോളർഷിപ്പ് സ്കീം നടപ്പാക്കുന്നതിൽ സംസ്ഥാന ഗവൺമെന്റിന് പലതരത്തിലുള്ള പ്രതിസന്ധികൾ സൃഷ്ടിച്ചിരിക്കുകയാണ്. ഒന്നുമുതൽ പത്തുവരെ ക്ലാസുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കാണ് കേന്ദ്രം ഇതുവരെ സ്കോളർഷിപ്പ് തുക നൽകിക്കൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ ആ ആനുകൂല്യം IX, X ക്ലാസുകളിൽ മാത്രമായി ചുരുക്കുകയാണ് ചെയ്തത്. അത്തരത്തിൽ ചുരുക്കുന്ന സമയത്ത് 1 മുതൽ 8 വരെയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാൻ കഴിയാത്ത അവസ്ഥ സംസ്ഥാന ഗവൺമെന്റിന് വരികയാണ്. അതുമാത്രമല്ല, പലതരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. അത് പരിഹരിക്കാനായി നേരത്തേ സൂചിപ്പിച്ചപോലെ ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ഇടപെടുന്ന സ്ഥിതിയുണ്ടായി. പലഘട്ടങ്ങളിലായി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചെങ്കിലും നിർദ്ദേശങ്ങൾ തിരുത്തുന്നതിനോ മാറ്റംവരുത്തുന്നതിനോ കേന്ദ്രഗവൺമെന്റ് ഇതുവരെ

തയ്യാറായിട്ടില്ല. നേരത്തേ ഒ.ബി.സി കുട്ടികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് തുക നൂറ് ശതമാനവും നൽകിയിരുന്നത് കേന്ദ്രഗവൺമെന്റായിരുന്നു. എന്നാൽ പ്രസ്തുത തുക 60 ശതമാനമായി വെട്ടിച്ചുരുക്കിയ നടപടി സംസ്ഥാന ഗവൺമെന്റിന് വലിയ രീതിയിലുള്ള സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നതാണ്. കഴിഞ്ഞവർഷംവരെ നൂറ് ശതമാനവും തന്നിരുന്ന സ്കോളർഷിപ്പ് തുക 60 ശതമാനമായി വെട്ടിക്കുറച്ചത് ഒരു മുന്നറിയിപ്പുമില്ലാതെയാണ്. അതോടൊപ്പംതന്നെ കോഴ്സുകളെ നാല് ഗ്രൂപ്പുകളായി തരംതിരിച്ചിരിക്കുകയാണ്. അതിൽ ഒന്നാമത്തെ വിഭാഗത്തിന് 20,000 രൂപയും രണ്ട്, മൂന്ന്, നാല് എന്നീ വിഭാഗത്തിലെ കോഴ്സുകൾക്ക് യഥാക്രമം 13,000 രൂപ, 8,000 രൂപ, 5,000 രൂപ എന്നീ രീതിയിൽ കുറച്ചിരിക്കുകയാണ്. നേരത്തേ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് 5 ലക്ഷം മുതൽ 10 ലക്ഷം രൂപവരെ ഫീസ് അനുവദിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 20,000 മുതൽ 5,000 രൂപവരെയായി വെട്ടിച്ചുരുക്കിയത് വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. പിന്നാക്ക ജനവിഭാഗങ്ങളിലെ കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പും പ്രീമെട്രിക് സ്കോളർഷിപ്പും ഇത്തരത്തിൽ മാറ്റിയത് വലിയ രിതിയിലുള്ള പ്രയാസം

സൃഷ്ടിച്ചിരിക്കുകയാണ്. ഇതേരീതിയിൽ 2022-23 വർഷംമുതൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന പുതുക്കിയ നിബന്ധനകൾ പട്ടിക ജാതി വിദ്യാർത്ഥികളുടെ കാര്യത്തിലും ബാധകമായി കഴിഞ്ഞിരിക്കുകയാണ്. ഇ-ഗ്രാന്റ് പോസ്റ്റ് മെട്രിക് സ്കോളർഷിപ് പദ്ധതി നടപ്പിലാക്കുന്നതിന് ഇത് വലിയ ബുദ്ധിമുട്ടാണ് ഉണ്ടാക്കിയിരിക്കുന്നത്. കേന്ദ്ര സർക്കാർ വരുമാന പരിതി നിശ്ചയിച്ചിരിക്കുകയാണ്. രണ്ടര ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. കൂടാതെ സംസ്ഥാന സർക്കാർ നൽകിവരുന്ന സ്കോളർഷിപ് തുകയെക്കാൾ കുറഞ്ഞ തുകയാണ് കേന്ദ്ര സർക്കാർ നൽകുന്നത്. വരുമാന പരിധിയില്ലാതെയാണ് സംസ്ഥാന ഗവൺമെന്റ് എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ഇപ്പോൾ സ്കോളർഷിപ്പ് നൽകിവരുന്നത്. സംസ്ഥാന സർക്കാർ സ്വന്തമായി അധിക തുക കണ്ടെത്തിയാണ് രണ്ടര ലക്ഷത്തിൽ കൂടുതൽ വരുമാനമുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നത്. അത് വീണ്ടും വെട്ടിച്ചുരുക്കാനുള്ള തീരുമാനമാണ് കേന്ദ്രസർക്കാർ ഇപ്പോൾ സ്വീകരിക്കുന്നത്. അത് വലിയ രീതിയിലുള്ള പ്രയാസം സൃഷ്ടിക്കുമെന്ന് കണ്ടുകൊണ്ട് അതിലും ഇടപെടാൻ സർക്കാർ തയ്യാറായി. പലതരത്തിലുള്ള സാങ്കേതിക തടസ്സങ്ങളാണ് ഇത് സൃഷ്ടിച്ചിരിക്കുന്നത്. ആ

സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നിരവധി ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയെങ്കിലും ആദ്യഘട്ടത്തിലൊന്നും അത് അംഗീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറായില്ല. എന്നാൽ നമ്മുടെ നിരന്തരമായുള്ള ഇടപെടലിന്റെ ഭാഗമായി കഴിഞ്ഞ ഒക്ടോബർ 27, 28 തീയതികളികൽ ബാംഗ്ലൂരിൽ ദേശീയതലത്തിൽ ക്ലസ്റ്റർ മീറ്റിംഗ് വിളിച്ച് ചേർത്ത് ഇന്റഗ്രേഷൻ നടപടികൾ അവിടെവച്ച് പൂർത്തീകരിക്കുകയുണ്ടായി. കുട്ടികൾക്ക് സ്കോളർഷിപ്പിന് അപേക്ഷ കൊടുക്കാനുള്ള പ്രയാസമുണ്ടായിരുന്നു. ആ പ്രയാസം തീർക്കുന്നതിനുവേണ്ടിയാണ് അതിലിടപെട്ടത്. അത് നീക്കിയിട്ടുണ്ട്. 2022 നവംബർ 2 മുതൽ ഈ വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ ഇ-ഗ്രാന്റ് പോർട്ടൽ മുഖേന സമർപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതുപോലെതന്നെ പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടും ട്രൈബൽ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇ-ഗ്രാന്റ് സംവിധാനത്തിലൂടെയാണ് നേരത്തെ കൊടുത്തുകൊണ്ടിരിന്നത്. പുതുക്കിയ കേന്ദ്ര മാനദണ്ഡ പ്രകാരം അത് അനുവദിക്കമെന്നുണ്ടെങ്കിൽ ഇ-ഗ്രാന്റ് സംവിധാനത്തിലെ മുഴുവൻ വിവരങ്ങളും കേന്ദ്ര സർക്കാരിന്റെ പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റത്തിലേയ്ക്ക് മാറ്റേണ്ടതും സ്റ്റേറ്റ് നോഡൽ അക്കൗണ്ടുമായി സംയോജിപ്പിക്കേണ്ടതുമാണ്.

ഇതുമൂലമുണ്ടാകുന്ന കാലതാമസവും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം തുക അനുവദിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതുവരെ നിലവിലെ ഇ-ഗ്രാന്റ് സംവിധാനം ഉപയോഗിച്ചുകൊണ്ടുതന്നെ ട്രൈബൽ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം കൊടുക്കാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യവും കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ ഒന്നുമുതൽ പത്തുവരെയുള്ള കുട്ടികൾക്കാണ് ന്യൂനപക്ഷ വിദ്യാഭ്യാസ സ്കോളർഷിപ്പ് കൊടുത്തിരുന്നത്. അതിപ്പോൾ പുതിയ എഡ്യൂക്കേഷൻ പോളിസി (റൈറ്റ് ടു എഡ്യൂക്കേഷൻ പോളിസി) 2009-ൽ നിലവിൽവന്നതിന്റെ ഭാഗമായി ഒന്നു മുതൽ എട്ടുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായുള്ള വിദ്യാഭ്യാസം നടപ്പിലാക്കിയെന്ന് പറഞ്ഞുകൊണ്ട് ഇപ്പോൾ നിലവിൽ കിട്ടിക്കൊണ്ടിരുന്ന ഒന്നു മുതൽ എട്ടുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യം ഗവൺമെന്റ് കട്ട് ചെയ്തിരിക്കുകയാണ്. അത് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വലിയ രീതിയിലുള്ള പ്രയാസമാണ് ഉണ്ടാക്കുന്നതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക/ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്കുള്ള അവകാശമാണ് അവരുടെ വിദ്യാഭ്യാസ കാര്യങ്ങൾക്കായി ലഭിക്കുന്ന

സ്കോളർഷിപ്പുകൾ. ആ സ്കോളർഷിപ്പുകളെല്ലാംതന്നെ ഏകപക്ഷീയമായി നിർത്തലാക്കുന്നതിന് തീരുമാനമെടുത്ത് പ്രായോഗിമല്ലാത്ത നിബന്ധനകളും നിർദ്ദേശങ്ങളുമാണ് കേന്ദ്ര സർക്കാർ മുന്നോട്ട് വച്ചിരിക്കുന്നത്. വളരെ സങ്കീർണ്ണമായുള്ള സാങ്കേതിക പ്രശ്നങ്ങളടക്കം അതുകാരണം ഉയർന്ന് വരുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരുകൾക്കുമേൽ അധിക സാമ്പത്തിക ബാധ്യത അടിച്ചേല്പിക്കുന്നതാണ്. പട്ടികജാതി/ പട്ടികവർഗ്ഗ / മറ്റ് പിന്നാക്ക വിഭാഗ ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്കോളർഷിപ്പ് പദ്ധതി കേന്ദ്ര സർക്കാർ അട്ടിമറിക്കുകയാണ്. എന്നാൽ ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതി സംസ്ഥാന സർക്കാരിന്റെ പ്രാഥമിക പരിഗണനകളിലാണെന്നുള്ളത് നമുക്ക് എല്ലാ പേർക്കുമറിയാവുന്നതാണ്. ആയതിനാൽ കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും വിഭാഗത്തിന് വിദ്യാഭ്യാസ സ്കോളർഷിപ്പ് നിഷേധിക്കപ്പെടുന്നുണ്ടെങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് അത്തരത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് ബദൽ സംവിധാനം ഏർപ്പെടുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പരിശോധിച്ച് വരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആ കാര്യത്തിൽ ഇടപ്പെട്ടിട്ടുണ്ട്. അധികമായുള്ള സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടിവരുമെന്നതന്നെയാണ് കണക്കാക്കുന്നത്. അധിക സാമ്പത്തിക ബാധ്യത എങ്ങനെ ഏറ്റെടുക്കാൻ

കഴിയുമെന്നുള്ള കാര്യങ്ങളടക്കം തീർച്ചയായും ചർച്ച ചെയ്യും. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകല്യങ്ങൾ ഒരു വിഭാഗത്തിനും നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയുള്ള ഇടപെടലായിരിക്കും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും ആ കാര്യത്തിന് മുന്നോട്ടുപോകുമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

ശ്രീ. എം. വിജിൻ: സർ, ഞാൻ ചോദിക്കാൻ തയ്യാറാക്കിയ എല്ലാം ചോദ്യത്തിനും ബഹുമാനപ്പെട്ട മന്ത്രി കൃത്യമായ മറുപടി പറഞ്ഞിട്ടുണ്ട്. പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങളോടുള്ള കേന്ദ്രത്തിന്റെ ക്രൂരമായ സമീപനത്തിൽ കുട്ടികൾക്ക് അത് മുടങ്ങാതിരിക്കാനായി ഏറ്റവും മാതൃകാപരമായ സമീപനം സ്വീകരിച്ച കേരളത്തിലെ പിണറായി സർക്കാരിനെ അഭിനന്ദിക്കുകയാണ്. ചോദ്യങ്ങൾക്കെല്ലാംതന്നെ മന്ത്രി കൃത്യമായി മറുപടി പറഞ്ഞിട്ടുണ്ട്.

## (2) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിലെ കർഷകർ വലിയ ദുരിതത്തെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഒപ്പം കാർഷിക മേഖലതന്നെ വലിയ പ്രതിസന്ധിയിലാണ്. നമ്മുടെ രാജ്യത്തുതന്നെ ഇത്ര വലിയ ദുരിതം അനുഭവിക്കുന്ന കർഷകരെ കാണാൻ വേറെ കഴിയില്ല. കേരളത്തിൽത്തന്നെ കർഷകർ ഇത്രയേറെ

പ്രയാസപ്പെടുന്ന ഒരുകാലഘട്ടം സമീപകാല ഭാവിയിൽ വേറെ ഉണ്ടായിട്ടില്ല. സാധാരണ എല്ലാ വർഷയും കാർഷികോൽപ്പന്നങ്ങൾക്ക് നല്ല വില കിട്ടാറുള്ള കാലമാണ് ഇപ്പോഴുള്ളത്. ഈ സീസണിൽ ഉൽപാദനം കുറയാറുണ്ട്, ആവശ്യങ്ങൾ വർദ്ധിക്കാറുണ്ട്. സ്വാഭാവികമായും ഉൽപ്പന്നങ്ങൾക്ക് വലിയ വർദ്ധനവ് കിട്ടുന്ന കാലഘട്ടമായിട്ടുപോലും പഴയകാലത്തെപോലെ ഉയർന്ന വില ഇപ്പോഴും കർഷകന് കിട്ടുന്നില്ല എന്നതൊരു വസ്തുതയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് കാർഷിക വിളകളാണ് നാളികേരവും റബ്ബറും. റബ്ബർ - നാളികേരം കർഷകർക്ക് അർഹമായ വില കിട്ടിയാൽത്തന്നെ കേരളത്തിലെ ജനങ്ങൾ സംതൃപ്തരാകും. വടക്കൻ കേരളത്തിൽ നാളികേരവും തെക്കൻ കേരളത്തിൽ റബ്ബറും ജനങ്ങളെ സാമ്പത്തികമായി ഉയർത്തുവാൻ ഒപ്പം ചിലപ്പോൾ താഴ്ത്തുവാനും കാരണമായി മാറാറുണ്ട്. ഇത് തിരിച്ചറിഞ്ഞ് സർക്കാർ അവരെ സഹായിക്കാൻ, പ്രഖ്യാപനങ്ങൾ യഥാസമയം പൂർത്തീകരിക്കാൻ മുന്നോട്ട് വരുന്നില്ല എന്നതൊരു യാഥാർത്ഥ്യവുമാണ്. നമുക്കറിയാം ഇവിടെ ഉണ്ടായിട്ടുള്ള എല്ലാ ഭാരിച്ച ചെലവുകളും ബാധ്യതകളും കർഷകരുടെ മേലിൽപ്പോലും വന്ന് ചേരുന്നുണ്ടല്ലോ? എന്നാൽ കർഷകരുടെ വരുമാനവും പ്രയാസങ്ങളും ഖനീഭവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലുള്ള കർഷകർക്ക് അവിടെ ഉൽപാദനത്തിന് കിട്ടുന്നതുപേലെയുള്ള വരുമാനം കേരളത്തിൽ ഉണ്ടാകുന്നില്ല; ചെലവാണെങ്കിലോ അതിനെക്കാളും

കൂടുതലുമാണ്. ഇതര സംസ്ഥാനങ്ങൾ കർഷകരെ സഹായിക്കാൻ ചെയ്യുന്ന ഇടപെടലുകൾ കേരളത്തിലില്ല എന്നതും ഒരു യാഥാർത്ഥ്യമാണ്. ഇപ്പോൾ ഇവിടെ വലിയ ചർച്ച നടന്നു. നമുക്കറിയാം. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി കുതിച്ചുയരുകയാണ്. എന്റെ ഇടതുപക്ഷ സ്നേഹിതന്മാരൊക്കെ പ്രസംഗിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട് റോക്കറ്റുപോലെ ഉയരുന്നുയെന്ന്. ഇപ്പോൾ അതിനെക്കാളും കടുപ്പത്തിലാണ്. ചൊവ്വയിലും മറ്റും പോകാൻ ഉപയോഗിച്ച വാഹിനികളെപോലെയാണ് ഇപ്പോൾ ഇതിന്റെ വില ഉയർന്ന് പൊങ്ങുന്നത്. ഈ ഒരു സന്ദർഭത്തിൽ കർഷകന്റെ അവസ്ഥ എന്താണെന്ന് വിലയിരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? കേരളത്തിലെ എല്ലാ വിഭാഗങ്ങളുടെയും വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട് എന്നതും ഒരു സത്യമാണ്. നമുക്കറിയാം ജീവനക്കാരുടെ ശമ്പളം വർദ്ധിച്ചു, വ്യാപാരികൾക്കും വ്യവസായികൾക്കും വരുമാനത്തിൽ വർദ്ധനവുണ്ടായി. നമ്മുടെ സാധാരണ തൊഴിലാളികൾക്കുപോലും അവരുടെ കൂലിയിൽ വർദ്ധനവുണ്ടായി, ഓട്ടോറിക്ഷ ചാർജ് വർദ്ധിച്ചു, ഓട്ടോറിക്ഷ ഓടിക്കുന്നവർക്കും സ്വാഭാവികമായും വർദ്ധനവുണ്ടായിട്ടുണ്ടാകും. എന്നാൽ ഈ വില വർദ്ധനവൊന്നും ജീവിതഭാരം കൂടിയ സന്ദർഭത്തിൽ.....

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വില ഇടിഞ്ഞെന്ന് പറഞ്ഞു. അതിന്റെ യഥാർത്ഥ കാരണം എന്താണെന്ന് ബഹുമാനപ്പെട്ട അംഗം

പറഞ്ഞില്ലായെന്നതിൽ സങ്കടമുണ്ട്. എന്താണെന്നുവച്ചാൽ ഇന്തോ-പസഫിക് കരാർ ഒപ്പിട്ടതിന്റെ ഫലമായാണ് ഈ വിലയിൽ തകർച്ച വന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, അതുകൊണ്ട് കേരളത്തിൽ വരുമാന വർദ്ധനവ് ജനങ്ങൾക്ക് പൊതുവെയുണ്ടായാൽപോലും ഇങ്ങനെയൊരു വർദ്ധനവ് കർഷകർക്കിടയിൽ ഉണ്ടാകുന്നില്ല. കൂലിക്കാർക്കും സാധാരണ കർഷക തൊഴിലാളികൾക്കുപോലും ഈ സർക്കാർ വരുന്നതിന്റെ ഒന്നര കൊല്ലംമുമ്പുള്ളതിനെക്കാൾ കൂടുതൽ കൂലിവർദ്ധിച്ചു. ആറര കൊല്ലംമുമ്പ് ഇടതുപക്ഷ സർക്കാർ വരുന്നതിനെക്കാൾ വലിയ തോതിൽ അവരുടെ കൂലി വർദ്ധിച്ചു. എന്നാൽ കർഷകരെ കുറിച്ച് നിങ്ങൾ ചിന്തിക്കുന്നുണ്ടോ; ഈ സർക്കാരിന് അതിനെക്കുറിച്ച് അങ്ങനെ വല്ലതും ചിന്തിക്കാൻ സമയം കിട്ടിയിട്ടുണ്ടോ എന്നാണ് ചോദിക്കാനുള്ളത്. അതുകൊണ്ട് സർക്കാർ കർഷകരുടെ ഈ പ്രയാസത്തിൽ ഇടപെടാനും അവരെ സഹായിക്കാനും സന്നദ്ധമാകേണ്ടതുണ്ട്. ഓരോ വിഷയവും കർഷകന്റെ മൂർദ്ധാവിലേയ്ക്കാണ് വന്നുപെടുന്നത്. നെല്ല് സംഭരണം ഉണ്ടായി.....

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, എനിക്ക് പ്രധാനപ്പെട്ട കാര്യംകൂടി പറയാനുണ്ട്. അതിനാൽ കുറച്ച് സമയംകൂടി നൽകണം. കേരളത്തിലെ കർഷകരെ സഹായിക്കുന്നതിനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾപോലും

ഉപദ്രവമായി വരുന്ന സന്ദർഭങ്ങളുണ്ട്. അതിനാൽ ഈ രീതിയിലുള്ള പ്രയാസമനുഭവിക്കുന്ന കർഷകരെ സത്യസന്ധമായി സഹായിക്കുന്നതിനും പ്രഖ്യാപനങ്ങൾ പൂർത്തിയാക്കാനും സന്നദ്ധമാകണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽവന്ന സന്ദർഭത്തിൽ ഒരു കർഷകൻ രണ്ട് നാളികേരവുമായി പോയാൽ ഒരു കിലോ അരിയും കുട്ടികൾക്ക് അഞ്ച് രൂപയ്ക്ക് മിഠായിയും വാങ്ങാൻ സാധിക്കുമായിരുന്നു. എന്നാലിപ്പോൾ 10 നാളികേരവുമായി പോയാൽ മാത്രമേ ഒരു കിലോ അരി വാങ്ങാൻ സാധിക്കുകയുള്ളൂ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് അങ്ങ് അവസാനിപ്പിക്കൂ......

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, രണ്ട് നാളികേരവുമായി പോയാൽ ഒരു കിലോ അരി ലഭിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 10 നാളികേരവുമായി പോകണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: വിഷയം മനസ്സിലായി. അങ്ങ് അവസാനിപ്പിക്കൂ.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, റബ്ബറിന്റെ അവസ്ഥയും

ഇതുപോലെയാണ്. ഓരോന്നായി എണ്ണി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനാൽ കർഷകരെ സഹായിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ നടത്തിയ നടപടികളെങ്കിലും കേരളത്തിൽ നടപ്പിലാക്കാനും പ്രഖ്യാപനങ്ങൾ പൂർത്തിയാക്കാനും സന്നദ്ധമാകണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ പറയാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, സാധാരണഗതിയിൽ അടിയന്തരപ്രമേയം വരുമ്പോൾ കാര്യങ്ങൾ രാഷ്ട്രീയ രീതിയിൽ വിനിയോഗിക്കാറുണ്ട്. എന്നാൽ സാധാരണയായി ശ്രദ്ധക്ഷണിക്കലിൽ അത്തരം രീതി കാണാറില്ല. എന്റെ പരിമിതമായ അറിവും പരിചയവുമാണെന്ന് മാത്രം കണക്കാക്കിയാൽ മതി. ആദരണീയനായ കുറുക്കോളി മൊയ്തീൻ ശ്രദ്ധക്ഷണിക്കലിൽ ഉപയോഗിച്ചതും വിനിയോഗിച്ചതുമെല്ലാം അത്തരമൊരു കാര്യമാണ്. അദ്ദേഹം കാർഷികോല്പന്നങ്ങളുടെ വിലയിടിവിനെയും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെയും സംബന്ധിച്ചാണ് ഇന്നലെ എഴുതി നൽകിയത്. എന്നാൽ റബ്ബറിന്റെയും നാളികേരത്തിന്റെയും കാര്യമാണ് അദ്ദേഹം പറഞ്ഞത്. കഴിഞ്ഞ ദിവസം സഭയിൽ ശ്രദ്ധക്ഷണിക്കലിലൂടെ ആ

വിഷയം ഉന്നയിച്ചതാണ്. രാജ്യത്ത് ഏറ്റവുമധികം ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർ കേരളത്തിലാണെന്ന് അദ്ദേഹം പറയുന്നത് ശരിയാണോ, വസ്തുതകൾക്ക് നിരക്കുന്നതാണോയെന്ന് ഗൗരവതരമായി അങ്ങ് പരിശോധിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

റബ്ബർ, നാളികേരം, നെല്ല് എന്നിവയുൾപ്പെടെയുള്ളവയുടെ കാര്യം അങ്ങ് പറഞ്ഞു. കേരളം ഇതരസംസ്ഥാനങ്ങളെക്കാൾ വളരെ പുറകിൽ നിൽക്കുന്നുവെന്ന് രാഷ്ട്രീയ അഭിപ്രായത്തിനുവേണ്ടി അങ്ങേയ്ക്ക് പറയാം. എന്നാൽ 28 രൂപ 20 പൈസയ്ക്ക് നെല്ല് സംഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനം ഇന്ത്യയിൽ എവിടെയെങ്കിലുമുണ്ടോയെന്ന് അങ്ങ് പരിശോധിക്കേണ്ടതായിരുന്നു. തമിഴ്നാട്ടിലോ ആന്ധ്രാപ്രദേശിലോ കർണ്ണാടകയിലോ ഉണ്ടോ? 28.20 രൂപയ്ക്ക് നെല്ല് സംഭരിക്കുന്ന ഇന്ത്യയിലെ ഏകസംസ്ഥാനം കേരളമാണെന്ന് അങ്ങ് മനസ്സിലാക്കണം. അക്കാര്യം അങ്ങേയ്ക്ക് അറിയില്ലായെന്ന് ഞാൻ കരുതുന്നില്ല. നാളികേരത്തിന്റെ സംഭരണത്തിൽ പ്രശ്നങ്ങളുണ്ടെങ്കിലും 32 രൂപയ്ക്ക് നാളികേരം സംഭരിക്കുന്നത് ഇന്ത്യയിൽ കേരളമല്ലാതെ മറ്റൊരു സംസ്ഥാനവുമില്ലെന്ന് അങ്ങ് മനസ്സിലാക്കണം. കാർഷിക മേഖലയിൽ

ഉണ്ടാകുന്ന പ്രതിസന്ധികൾ കേരളത്തിലെ കർഷകർക്ക് പ്രയാസമുണ്ടാക്കുന്നുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽമൂലം ഇവയെല്ലാം ഫലപ്രദമായി പരിഹരിക്കാനും സാധിക്കുന്നുമുണ്ട്. കേന്ദ്ര സർക്കാരിന്റെ കയറ്റുമതി, ഇറക്കുമതി നയങ്ങൾ റബ്ബർ, കോഫി, ഏലം, നാളികേരം തുടങ്ങിയവയുടെ വിലയിടിവിന് കാരണമാകുന്നു. കാലാവസ്ഥാ വ്യതിയാനം, വന്യമൃഗങ്ങളുടെ ശല്യം എന്നിവയും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. രാസാവളങ്ങളുടെ സബ്സിഡി കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചതും പാമോയിലിന്റെ ഇറക്കുമതി തീരുവ കുറച്ചതും കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അങ്ങ് അതിനെ സംബന്ധിച്ചൊന്നും മിണ്ടിയില്ല. 01-03-2018-ൽ പാമോയിലിന്റെ ഇറക്കുമതി തീരുവ 44% ആയിരുന്നു. ഫെബ്രുവരി 2022-ൽ അത് 5.5% ആയി കുറച്ചു. 30-09-2022 വരെയാണ് 5.5% ആയി കുറയ്ക്കുന്നതെന്നാണ് ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ പറഞ്ഞത്. 30-09-2022 കഴിയുമ്പോൾ നാളികേരത്തിന്റെ വില കൂടുമെന്ന് കേരളത്തിലെ നാളികേര കർഷകർക്കുൾപ്പെടെ പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ സെപ്റ്റംബറിനുശേഷമെങ്കിലും നാളികേരത്തിന് നല്ല വില ലഭിക്കുമെന്ന്

പ്രതീക്ഷിച്ചിരുന്ന കേരളത്തിലെ നാളികേര കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കിക്കൊണ്ട് 2022 ഒക്ടോബർ മാസം ഈ ഇളവ് 31-03-2023 വരെ കേന്ദ്ര സർക്കാർ നീട്ടുകയുണ്ടായി. അതിനെതിരെ നിങ്ങളാരും ഒരക്ഷരവും പറയുന്നില്ലെന്നത് വേദനാജനകമാണ്. 2023 മാർച്ച് വരെ 44% ഉണ്ടായിരുന്ന പാമോയിലിന്റെ ഇറക്കുമതി നികുതി 5.5% ആയി കുറച്ചിരിക്കുന്നു. ഒരുകണക്കുകൂടി ഇക്കൂട്ടത്തിൽ നോക്കേണ്ടതുണ്ട്. പാമോയിലിന്റെ ഇറക്കുമതി ഒക്ടോബർ 2019 മുതൽ സെപ്റ്റംബർ 2020 വരെ 5.35 ലക്ഷം ടൺ ആയിരുന്നു. എന്നാൽ ഒക്ടോബർ 21 മുതൽ മേയ് 22 വരെയുള്ള എട്ട് മാസത്തിൽ മാത്രം പാമോയിലിന്റെ ഇറക്കുമതി 10.8 ലക്ഷം ടൺ ആയി ഉയർന്നു. എട്ട് മാസംകൊണ്ടാണ് അത്രയും ഉയർന്നിരിക്കുന്നത്. ആർക്കാണ് അതിന്റെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്? സഭയിൽ അത് പറയുമ്പോൾ, ശ്രദ്ധക്ഷണിക്കലിലൂടെ കേരളത്തിലെ നാളികേര കർഷകരെ സഹായിക്കാൻ നല്ലയിടപെടലാണ് നടത്തുന്നതെങ്കിൽ കേന്ദ്രം കാണിച്ച ഈ നിലപാടിനെതിരെ ശക്തമായൊരു വാചകം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതായിരുന്നുവെന്ന് ഞാൻ പറയുന്നതിൽ വിഷമമുണ്ടാകരുത്. രാസവളത്തിന്റെ സബ്സിഡി കേന്ദ്ര സർക്കാർ 2021-22-ലെ ബഡ്ജറ്റിൽ

1,40,122.32 കോടി രൂപയാണ് വച്ചിരുന്നത്. 2022-23-ലെ ബഡ്ജറ്റ് വന്നപ്പോൾ അത് 1,05,222.32 കോടി രൂപയായി. രാസവളത്തിന്റെ വിലയിലും വർദ്ധനവുണ്ടാകുന്നു. തെക്കൻ കേരളത്തിലുള്ള റബ്ബറിന്റെ കാര്യം പറഞ്ഞു. തീരുവ ഇല്ലാതെയുള്ള സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ രൂപത്തിലുമുള്ള ഉണക്ക രൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകണമെന്നും റബ്ബറിന് താങ്ങുവില ഏർപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും നടപടിയുണ്ടായില്ല. കപ്പ് ലംബ് റബ്ബർ ഇറക്കുമതി ചെയ്യുന്നതിൽ ഇന്ത്യയിൽ നിലവിലുള്ള നിരോധനം തുടരണമെന്നും കേരളം ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനത്തെ വിളകളുടെ ഉൽപ്പാദന ചെലവ് വ്യത്യസ്തമായതിനാൽ തറവില നിശ്ചയിക്കുമ്പോൾ ഇക്കാര്യം പരിഗണിച്ച് സംസ്ഥാനങ്ങൾക്ക് പ്രത്യേകം തറവില നിശ്ചയിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടെങ്കിലും

നടപടിയുണ്ടായിട്ടില്ല. കേന്ദ്ര സർക്കാർ പരിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന റബ്ബർ ആക്ട്, കോഫി ആക്ട്, സ്പൈസസ് ആക്ട് എന്നിവയുടെ കരട് റിപ്പോർട്ടിലെ ശിപാർശകളിൽ കേരളത്തിനുള്ള ആശങ്കകൾ നമ്മൾ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾമൂലം കേരളത്തിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ആശ്വാസം പകരുന്നത് കേരള സർക്കാരിന്റെ കർഷക സൗഹൃദമായ സമീപനംകൊണ്ട് മാത്രമാണ്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി 2015 മുതൽ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പാക്കിവരികയാണ്. ഈ പദ്ധതി നടപ്പാക്കിയതുവഴി റബ്ബറിന് താങ്ങുവില ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ നാളിതുവരെ 1788.99 കോടി രൂപ സബ്സിഡിയായി 445812 കർഷകർക്കായി അനുവദിച്ചിട്ടുണ്ട്. ഇതെല്ലാം സർക്കാർ കർഷകർക്കായി ചെയ്യുന്ന കാര്യങ്ങളാണെന്ന്

കണക്കാക്കേണ്ടതുണ്ട്. റബ്ബറിന്റെ താങ്ങുവില 170 രൂപയിൽനിന്നും 200 രൂപയായി ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചുണ്ടെങ്കിലും കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല.

കേന്ദ്ര നയങ്ങൾമൂലം നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് കാരണം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കുന്നതിനായി സർക്കാർ ഈ വർഷം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചു. കേരഫെഡ്, വി.എഫ്.പി.സി.കെ., കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32 രൂപ നൽകി സംഭരിക്കുന്നുണ്ട്. സംഭരണ കേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകത അനുസരിച്ച് സംഭരണ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ 79 കേന്ദ്രങ്ങളിലൂടെ പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത് കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് കർഷകരെ സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേരഫെഡിനോട് 27 സംഭരണ കേന്ദ്രവും വി.എഫ്.പി.സി.കെ.-യോട് 28 സംഭരണ കേന്ദ്രവും കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷനോട് 30-തോളം സംഭരണ കേന്ദ്രങ്ങളും

അധികമായി ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സംഭരണ കേന്ദ്രങ്ങളിൽ 22 എണ്ണം (അത് കേരഫെഡിന്റെയും വി.എഫ്.പി.സി.കെ.-യുടെയും സംഭരണ കേന്ദ്രങ്ങളാണ്) മൊബൈൽ പ്രൊക്യുയർമെന്റ് സെന്ററായി പ്രവർത്തിക്കാൻ (കൃഷിസ്ഥലങ്ങളിൽ വാഹനങ്ങളിൽ പോയി പച്ചത്തേങ്ങ സംഭരിക്കാൻ) ആണ് അവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇത്തരത്തിൽ നിലവിലുള്ള സ്ഥലങ്ങളിൽനിന്നും സംഭരിച്ചവകയിൽ 18 കോടി രൂപ കേരഫെഡ് നാളിതുവരെ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ടെന്ന കാര്യം അറിയിക്കുകയാണ്. 2022 -ലാണ് പച്ചത്തേങ്ങ സംഭരിക്കാൻ ആരംഭിച്ചത്. സർക്കാരിന്റെ ഇടപെടൽമൂലം പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യം നിലവിലുണ്ട്. പച്ചത്തേങ്ങയുടെ വില 32 രൂപയിൽ കുറവുള്ള എവിടെയെല്ലാമുണ്ടോ അവിടെനിന്നെല്ലാം സംഭരിക്കുന്ന വിധത്തിൽ സംഭരണ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് സർക്കാർ ആലോചിട്ടുള്ളത്. കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതിപ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും വി.എഫ്.പി.സി.കെ.-യെയും

സ്റ്റേറ്റ് ലെവൽ ഏജൻസിയായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ കരാറിൽ സംഭരണ ഏജൻസികളിൽ സ്വന്തം ആവശ്യത്തിനായി സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കാൻ പാടുള്ളതല്ലായെന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ കൊപ്രാ സംഭരണം കേരഫെഡ് മുഖേന നടത്താൻ ഉതകുമാറ് കേരഫെഡിനെ ഈ വ്യവസ്ഥയിനിന്ന് ഒഴിവാക്കണമെന്ന് സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല. കഴിഞ്ഞ ശ്രദ്ധക്ഷണിക്കലിൽ ഞാൻ അക്കാര്യം പറഞ്ഞതാണ്. കേന്ദ്രം ഒരു നിബന്ധന കൊണ്ടുവന്നതിന്റെ ഭാഗമായി കേരഫെഡിൽനിന്ന് വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്നതിന്റെ പേരിൽ കേരഫെഡിന് കൊപ്ര സംഭരിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരിക്കുന്നുവെന്നതും പ്രതിസന്ധിയാണ്.

നെല്ലിന്റെ സംഭരണത്തെ സംബന്ധിച്ച് പറഞ്ഞ് ദീർഘിപ്പിക്കുന്നില്ല. ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാന്യമായതും ലാഭകരവുമായ വില ലഭിക്കുന്നതിനാണ് സർക്കാർ സഹായം നൽകുന്നത്. മറ്റിടങ്ങളിൽനിന്ന് കാർഷിക വിഭവങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് വിൽപ്പന

നടത്തുകയെന്നത് കൃഷി വകുപ്പിന്റെ ഉത്തരവാദിത്വമല്ല. ഇവിടെ കാർഷിക ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാണ് കൃഷിവകുപ്പ് ശ്രമിക്കുന്നത്. മുരിങ്ങയ്ക്ക, തക്കാളി തുടങ്ങിയ എല്ലാ ഉല്പന്നങ്ങളും കേരളത്തിൽ ഉല്പാദിപ്പിക്കാനാണ് കൃഷി വകുപ്പ് ശ്രമിക്കുന്നത്. നമ്മളെല്ലാവരുംകൂടി മുൻകയ്യെടുത്ത് കേരളത്തിൽ കൃഷി വ്യാപിപ്പിക്കുകയും മണ്ണ് വെറുതെ ഇടാതിരിക്കുകയും ചെയ്യുകയെന്നതാണ് പരിഹാര മാർഗ്ഗം. മറ്റുസംസ്ഥാനങ്ങളിൽനിന്നും ഉല്പന്നങ്ങൾ കൊണ്ടുവന്ന് കഴിക്കുകയെന്ന രീതി മാറേണ്ടത് അത്യാന്താപേക്ഷിതമാണ്. വകുപ്പ് ആലോചിക്കുന്നതും ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നതും നമ്മുടെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായമായ വില നൽകി സംഭരിക്കുകയെന്നതാണ്. ഹോർട്ടികോർപ്പ് തന്നെയും വിപണിയിടപെടൽ നടത്തി പുറമേനിന്നുകൊണ്ടുവന്ന് വിൽപ്പന നടത്തുകയെന്നുള്ളതല്ല ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നുകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, കാർഷികോൽപ്പന്നങ്ങൾ ഉൽപ്പാദനച്ചെലവ് കണക്കാക്കി അതിന്റെ 150 ശതമാനം വിലയ്ക്ക് സംഭരിക്കുമെന്നും റബ്ബർ 200/- രൂപയ്ക്ക് സംഭരിക്കുമെന്നും സർക്കാർ

പ്രഖ്യാപിച്ചിട്ടുണ്ട്. ആ പ്രഖ്യാപനം പ്രാവർത്തികമാക്കാൻ തയ്യാറാകുമോ; കേരഫെഡ് തമിഴ്നാട്ടിൽനിന്ന് നാളികേരം കൊണ്ടുവരുന്നത് തടയുമോ?

ശ്രീ. പി. പ്രസാദ്: സർ, റബ്ബർ ഉൾപ്പെടെയുള്ള വിളകളുടെ കാര്യത്തിൽ കേരളം ഇപ്പോൾ 170/- രൂപ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിനായി വ്യവസായവകുപ്പ് മുൻകൈയെടുത്ത് കേരള റബ്ബർ കമ്പനി കേരളത്തിൽ യാഥാർത്ഥ്യമാക്കുകയാണ്. ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കർഷകരുടെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ ഇന്ത്യയിൽ ആദ്യമായി കേരളത്തിലെ 11 വകുപ്പുകൾ യോജിച്ചുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി വാല്യൂ ആഡഡ് അഗ്രിക്കൾച്ചർ മിഷൻ (വാം) രൂപീകൃതമായ കാര്യംകൂടി അറിയിക്കുന്നു. 2109 കോടി രൂപയുടെ ആനുകൂല്യങ്ങൾ വരുംവർഷങ്ങളിൽ കേരളത്തിലെ കർഷകർക്ക് ലഭ്യമാകുന്ന തരത്തിലേയ്ക്ക് ഇത് എത്തിച്ചേരുന്നതാണ്.